മധ്യപ്രദേശിൽ 50,000 രൂപയ്ക്ക് പെൺകുട്ടിയെ വിറ്റു

റെയ്സെൻ

മധ്യപ്രദേശിലെ റെയ്സെനിൽ പതിനേഴുകാരിയെ 50,000 രൂപയ്ക്ക് വിറ്റ കേസിൽ നാലുപേർ അറസ്റ്റിൽ. മൂന്ന് പുരുഷൻമാരെയും ഒരു സ്ത്രീയെയുമാണ് അറസ്റ്റ് ചെയ്തത്. ജബൽപുരിലെ ജോലി സ്ഥലത്തുനിന്ന് പരിചയപ്പെട്ട രണ്ടുപേർ കുറച്ചുകൂടി മെച്ചപ്പെട്ട ജോലി വാഗ്ദാനംചെയ്ത് പെൺകുട്ടിയെ കടത്തിക്കൊണ്ടുപോകുകയായിരുന്നെന്ന് പൊലീസ് പറഞ്ഞു. റെയ്സെനിലെ പത്തായ് ഗ്രാമത്തിലെത്തിച്ച ശേഷം കുട്ടിയെ വിറ്റു. കുട്ടിയെ കാണാതായതോടെ രക്ഷിതാക്കൾ പൊലീസിൽ പരാതി നൽകിയിരുന്നു.

തത്ത്വമസി ജ്യോതിർഗമയ സാഹിത്യ പുരസ്കാരങ്ങൾ

കോട്ടയം

ഡോ. സുകുമാർ അഴീക്കോട് തത്ത്വമസി സാംസ്കാരിക അക്കാദമി നൽകുന്ന പ്രഥമ തത്ത്വമസി ജ്യോതിർഗമയ സാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഫലകവും പ്രശസ്തിപത്രവും 10001രൂപയും ആണ് പുരസ്കാരം. മെയ് 13ന് കണ്ണൂരിൽ പുരസ്കാരങ്ങൾ സമർപ്പിക്കും. വി എസ് അജിത്ത് (കഥ, എലിക്കെണി) ജയശ്രീ പള്ളിക്കൽ, കഥ ജാര) സുധാകരൻ മൂർത്തിയേടം (കവിതതള്ളേലൊട്ടി) ഫില്ലിസ് ജോസഫ് (കവിത പ്രൗഢതീരം, സ്വപ്നച്ചിറകുള്ള വെള്ളരിപ്രാവുകൾ) കണക്കൂർ ആർ. സുരേഷ്കുമാർ (നോവൽ ബൗദി), പീതാംബരൻ നീലീശ്വരം (ചരിത്രം നീലീശ്വരം സാംസ്കാരിക പാദമുദ്രകൾ) എന്നിവരാണ് പുരസ്കാരങ്ങൾക്ക് അർഹരായത്.

കലാസാഗർ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

പാലക്കാട്

കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാളുടെ സ്മരണാർഥം നൽകുന്ന 2023ലെ കലാസാഗർ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കഥകളി: കലാമണ്ഡലം കൃഷ്ണകുമാർ (വേഷം), കലാമണ്ഡലം ജയപ്രകാശ്(സംഗീതം), കലാമണ്ഡലം രാജൻ (ചെണ്ട), കലാമണ്ഡലം വേണു (മദ്ദളം), കലാനിലയം വിഷ്ണു (ചുട്ടി).

പഞ്ചവാദ്യം: കൊടുന്തിരപ്പിള്ളി മനോജ്(തിമില), ഏലൂർ അരുൺദേവ് വാര്യർ(മദ്ദളം), പെരിങ്ങോട് സുബ്രഹ്മണ്യൻ (ഇടയ്ക്ക), വട്ടേക്കാട് കനകൻ (ഇലത്താളം), മച്ചാട് വേണുഗോപാലൻ (കൊമ്പ്). കലാമണ്ഡലം രാധാമണി (ഓട്ടൻതുള്ളൽ), കലാമണ്ഡലം നാരായണൻ നമ്പ്യാർ (ചാക്യാർകൂത്ത്–മിഴാവ്), കലാമണ്ഡലം കൃഷ്ണേന്ദു (കൂടിയാട്ടം), മിനി ബാനർജി (മോഹിനിയാട്ടം), ഷഫീക്കുദീൻ, ഷബാന (ഭരതനാട്യം), അനിൽ വെട്ടിക്കാട്ടിരി, പ്രേമലത (കുച്ചുപ്പുടി), ഗുരുവായൂർ ശശി (തായമ്പക) എന്നിവർക്കാണ് പുരസ്കാരം. 28ന് ട്രസ്റ്റ് ഹാളിൽ പുരസ്കാരം സമ്മാനിക്കും.

നടുക്കം മാറിയിട്ടില്ല, തീപടർന്ന രാത്രിയുടെ

സുപ്രിയ സുധാകർ

ആലപ്പുഴ – കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസിൽ തീവയ്പ് നടന്ന ദിവസം ട്രെയിൻ നിയന്ത്രിച്ച സീനിയർ അസി. ലോക്കോ പൈലറ്റ് എ ടി സന്ധ്യ അന്നത്തെ അനുഭവങ്ങൾ ഓർക്കുന്നു

സീനിയർ അസി. ലോക്കോ പൈലറ്റ് എ ടി സന്ധ്യ

കണ്ണൂർ

‘അപായച്ചങ്ങല വലിച്ചതോടെ ട്രെയിനിൽനിന്നും യാത്രക്കാരുടെ നിലവിളി ഉയർന്നു. പാലത്തിന് മുകളിലായിരുന്നു അപ്പോൾ ട്രെയിൻ. പൊള്ളലേറ്റ ശരീരവുമായി നിലവിളിക്കുന്നവരെയാണ് കോച്ചിൽ കണ്ടത്. ആശുപത്രിയിൽ എത്തിക്കണമെങ്കിൽ ട്രെയിൻ മുന്നോട്ടെടുക്കണം. അപായച്ചങ്ങല വലിച്ചപ്പോൾ പുറന്തള്ളിയ പ്രഷർ വീണ്ടും ക്രമീകരിക്കുകയെന്നത് ശ്രമകരമായിരുന്നു. പാലത്തിന് കൈവരിയില്ലാത്തതിനാൽ ബോഗികൾക്കിടയിലെ വെസ്റ്റ് ബ്യൂൾവഴി ഇറങ്ങിയാണ് പ്രഷർ വാൾവ് അടച്ചത്’ – ആലപ്പുഴ – കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസിൽ തീവയ്പ് നടന്ന ദിവസം ട്രെയിൻ നിയന്ത്രിച്ച സീനിയർ അസി. ലോക്കോ പൈലറ്റ് എ ടി സന്ധ്യയുടെ വാക്കുകളിൽ ഇപ്പോഴും ഭീതി നിറയുന്നു.

രാത്രി ഒമ്പതോടെ കോരപ്പുഴ പാലം കടക്കുന്നതിനിടെയാണ് യാത്രക്കാരിലാരോ അപായച്ചങ്ങല വലിച്ചത്. എന്താണ് സംഭവിച്ചതെന്ന് അറിയാൻ പുറകിലേക്ക് നടന്നു. കൈവരിയില്ലാത്ത പാലമായതിനാൽ നടക്കാൻ പ്രയാസം. സ്ലീപ്പർ കോച്ചുകളിലൂടെ തീപിടിത്തമുണ്ടായ കോച്ചിലെത്തി. പൊള്ളലേറ്റവരും മറ്റുള്ളവരും ഭീതിയോടെ നിൽക്കുകയായിരുന്നു. അഞ്ച് ബോഗികളിലെ അപായച്ചങ്ങല വലിച്ചതിനാൽ പ്രഷർ വീണ്ടും ക്രമീകരിക്കണം. എന്നാലേ ട്രെയിൻ മുന്നോട്ട് നീങ്ങൂ. ഇതിനെല്ലാം യാത്രക്കാരുടെ സഹായവും ലഭിച്ചു. ട്രെയിൻ പാലത്തിൽനിന്ന് മുന്നോട്ടെടുത്തപ്പോഴേക്കും എലത്തൂർ പൊലീസ് പരിക്കേറ്റവരെ ആശുപത്രിയിലേക്ക് മാറ്റി. വീണ്ടും ട്രെയിൻ എടുത്തപ്പോൾ പരിക്കേറ്റവരെ ആംബുലൻസിലേക്ക് കയറ്റാൻ സഹായിച്ചവർ ട്രെയിനിൽ തിരിച്ചെത്താത്തതിനാൽ വീണ്ടും അപായച്ചങ്ങല വലിച്ചു. വീണ്ടും പ്രഷർ ക്രമീകരിച്ചാണ് യാത്ര തുടർന്നത്. കണ്ണൂരിൽ യാത്ര അവസാനിപ്പിച്ച് മുറിയിലേക്ക് മടങ്ങി. പിന്നീടാണ് കുഞ്ഞടക്കം മൂന്ന് പേർ മരിച്ചതടക്കമുള്ള വിവരങ്ങൾ അറിഞ്ഞത്. എം സി മുരളീധരനായിരുന്നു മുഖ്യ ലോക്കോ പൈലറ്റ്.

സ്വന്തം ജീവൻപോലും പണയപ്പെടുത്തി നടത്തിയ ധീരമായ ഇടപെടലിന് സന്ധ്യയെ മുഖ്യമന്ത്രി പിണറായി വിജയൻ അഭിനന്ദിച്ചു. 2015 ലാണ് കോഴിക്കോട് ഉള്ളിയേരി സ്വദേശി എ ടി സന്ധ്യ ലോക്കോ പൈലറ്റായി ജോലിയിൽ പ്രവേശിച്ചത്. ഈറോഡ്, എറണാകുളം, മംഗളൂരു ഭാഗങ്ങളിലേക്ക് സ്ഥിരമായി പാസഞ്ചർ, എക്സ്പ്രസ് ട്രെയിനുകളിൽ ലോക്കോ പൈലറ്റായി സന്ധ്യ ഉണ്ടാവാറുണ്ട്. സതേൺ റെയിൽവേ കോഴിക്കോട് ക്യാബിൻ ക്രൂവിലാണ്. ഭർത്താവ് ടി വി വിമൽ. മഹാലക്ഷ്മി, മഹാദേവ് എന്നിവർ മക്കൾ.

പുസ്തക പ്രകാശനം ഇന്ന്

തിരുവനന്തപുരം

ഗോവ ഗവർണർ പി എസ് ശ്രീധരൻപിള്ളയുടെ 194–ാം പുസ്തകം ‘എന്റെ പ്രിയ കഥകൾ’ കഥാസമാഹാരം തിങ്കൾ പകൽ മൂന്നിന് മാസ്കറ്റ് ഹോട്ടൽ സിംഫണി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശിപ്പിക്കും. പി ജെ കുര്യൻ ആദ്യ പ്രതി സ്വീകരിക്കും. ഒ രാജഗോപാൽ അധ്യക്ഷനാകും. സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക മേഖലകളിലെ നിരവധി പ്രമുഖർ പങ്കെടുക്കും. ഡിസി ബുക്സാണ് പ്രസാധകർ.

മഅദിൻ ഹജ്ജ് ക്യാമ്പ് നാളെ

മലപ്പുറം

മഅദിൻ അക്കാദമി ഒരുക്കുന്ന 24ാമത് സംസ്ഥാന ഹജ്ജ് ക്യാമ്പ് ചൊവ്വാഴ്ച. രാവിലെ എട്ടുമുതൽ വൈകിട്ട് അഞ്ചുവരെയാണ് ക്യാമ്പ്. പതിനായിരത്തോളം ഹാജിമാർ പങ്കെടുക്കും.

കൂടുതൽ അറസ്റ്റ് ഉണ്ടാകും

100 കിലോ കഞ്ചാവുമായി 4 പേർ പിടിയിൽ

സ്വന്തം ലേഖകൻ

ഭാര്യയെയും മക്കളെയുംകൂട്ടി വിനോദയാത്രയ്ക്കെന്ന പേരിൽ ആന്ധ്രയിൽ പോയി

എസ് ആർ രതീഷ്

വിഷ്ണു

അഖിൽ

ആർ രതീഷ്

തിരുവനന്തപുരം

ഇന്നോവ കാറിൽ കൊണ്ടുവന്ന 100 കിലോ കഞ്ചാവുമായി നഗരത്തിൽ കണ്ണേറ്റുമുക്കിൽ നാലുപേരെ പിടികൂടി. സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ ചുമതലയുള്ള അസി. എക്സൈസ് കമീഷണർ ടി അനികുമാറിന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും തിരുവനന്തപുരം ഐബി യൂണിറ്റും എക്സൈസ് റേഞ്ച് പാർടിയും സംയുക്തമായി ഞായർ രാവിലെ നടത്തിയ പരിശോധനയിലായിരുന്നു വൻകഞ്ചാവ് വേട്ട.

തിരുവനന്തപുരം തിരുവല്ലം കരിങ്കടമുകൾ ശാസ്താ ഭവനിൽ ചൊക്കൻ എന്ന ആർ രതീഷ് (36), മേനിലം ചെമ്മണ്ണിവിള പുത്തൻ വീട്ടിൽ എസ് ആർ രതീഷ് (42), കല്ലിയൂർ വള്ളംകോട് മാത്തൂർക്കോണം ലക്ഷംവീട് കോളനിയിൽ ബൊലേറോ വിഷ്ണു എന്ന വിഷ്ണു (31), നെയ്യാറ്റിൻകര അറക്കുന്നകടവ് ചക്കാലക്കൽ സദനത്തിൽ (ജഗതി സ്കൂളിന് സമീപം വാടകയ്ക്ക് താമസം) അഖിൽ (25) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. കെ എൽ 01 ബിഎച്ച് 5423 ഇന്നോവ കാറും പിടിച്ചെടുത്തു. കണ്ണേറ്റുമുക്കിലും പരിസരങ്ങളിലും എക്സൈസ് സംഘം പരിശോധന വൈകിട്ടുവരെ തുടർന്നു.

മൂന്നാം പ്രതി വിഷ്ണു ഭാര്യയെയും മക്കളെയുംകൂട്ടി മറ്റു പ്രതികൾക്കൊപ്പം വിനോദയാത്രയ്ക്ക് പോകുന്ന രീതിയിൽ ആന്ധ്രയിൽ പോകുകയും ഭാര്യയുടെയും മക്കളുടെയും അറിവില്ലാതെ ആന്ധ്രയിൽനിന്ന് കഞ്ചാവ് വാങ്ങി പണിസാധനങ്ങളാണെന്ന വ്യാജേന കൊണ്ടുവരികയായിരുന്നു. കഞ്ചാവ് കടത്തിന് സാമ്പത്തിക സഹായമടക്കം നൽകിയവരെക്കുറിച്ച് വിവരം ലഭിച്ചിട്ടുണ്ടെന്നും കൂടുതൽ അറസ്റ്റ് ഉണ്ടാകുമെന്നും എക്സൈസ് സംഘം അറിയിച്ചു.

അസി. എക്സൈസ് കമീഷണർ ടി അനികുമാറിനെ കൂടാതെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജി കൃഷ്ണകുമാർ, എക്സൈസ് ഇൻസ്പെക്ടർമാരായ എസ് മധുസൂദനൻ നായർ, വി ജി സുനിൽകുമാർ, ആർ ജി രാജേഷ്, പ്രിവന്റീവ് ഓഫീസർമാരായ പ്രകാശ്, പ്രേമനാഥൻ,സിവിൽ എക്സൈസ് ഓഫീസർമാരായ വിശാഖ്, സുബിൻ,രജിത്, അരുൺ സേവ്യർ, ജയശാന്ത്,ശരത്, മുഹമ്മദ് അലി എക്സൈസ് ഡ്രൈവർ വിനോജ് ഖാൻ സേട്ട് എന്നിവരാണ് കഞ്ചാവ് പിടികൂടിയത്.

വികസനത്തിൽ ഒന്നിക്കണം: തോമസ് ഐസക്

കൊച്ചി

കെജിഒഎ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി ‘സാമ്പത്തിക ഫെഡറലിസം: വെല്ലുവിളികളും കേരളത്തിന്റെ ചെറുത്തുനിൽപ്പും’ വിഷയത്തിൽ ഓപ്പൺ ഫോറം സംഘടിപ്പിച്ചു. കേരളത്തെ ശ്വാസംമുട്ടിക്കുന്ന കേന്ദ്രനയങ്ങൾക്കെതിരായ ഐക്യത്തിന്റെ വേദിയായി ചർച്ച. വികസനകാര്യങ്ങളിൽ ഭരണ–പ്രതിപക്ഷ കക്ഷികൾ ഒന്നിച്ച് നിൽക്കണമെന്ന് സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗം ടി എം തോമസ് ഐസക് പറഞ്ഞു.

പ്രതിസന്ധികൾക്കിടയിലും കേരളത്തെ മുന്നോട്ടുനയിക്കുന്ന സംസ്ഥാന സർക്കാരിന്റെ നയങ്ങൾക്ക് എല്ലാവരും പിന്തുണ നൽകണമെന്ന് സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി കെ വി തോമസ് അഭ്യർഥിച്ചു. റവന്യൂ വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കാൻ ജീവനക്കാർക്ക് വലിയ പങ്കുവഹിക്കാൻ കഴിയുമെന്ന് ആസൂത്രണ ബോർഡ് അംഗമായിരുന്ന സി പി ജോൺ അഭിപ്രായപ്പെട്ടു.

കെജിഒഎ സംസ്ഥാന പ്രസിഡന്റ് ഡോ. എം എ നാസർ അധ്യക്ഷനായി. ജനറൽ സെക്രട്ടറി ഡോ. എസ് ആർ മോഹനചന്ദ്രൻ സ്വാഗതവും സംസ്ഥാന വൈസ് പ്രസിഡന്റ് പി പി സുധാകരൻ നന്ദിയും പറഞ്ഞു. നീതി ആവശ്യപ്പെട്ട് ഡൽഹിയിൽ സമരം ചെയ്യുന്ന ഗുസ്തി താരങ്ങൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ച് പ്രതിനിധികൾ ദീപം തെളിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് എ എസ് സുമ ഐക്യദാർഢ്യ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

തുമ്പൂർമുഴി കൊലപാതകം

പ്രതി അഖിൽ മറ്റൊരു യുവതിയിൽനിന്ന് ഒന്നരലക്ഷം തട്ടി

കാലടി

അതിരപ്പിള്ളി തുമ്പൂർമുഴി വനത്തിലുള്ളിലെ കൊലപാതകത്തിൽ അന്വേഷണം പുരോഗമിക്കുന്നു. പ്രതി അഖിൽ പി ബാലചന്ദ്രൻ, സൗഹൃദമുണ്ടായിരുന്ന മറ്റൊരു യുവതിയിൽനിന്ന് ഒന്നരലക്ഷം രൂപ വാങ്ങിയിരുന്നതായി പൊലീസിന് വിവരം ലഭിച്ചു. ഇയാളുടെ സാമ്പത്തിക ഇടപാടുകൾ കേന്ദ്രീകരിച്ചുള്ള അന്വേഷണം പുരോഗമിക്കുകയാണ്.

ആതിരയെ ഒഴിവാക്കാൻ ഇയാൾ നേരത്തേ തീരുമാനിച്ചിരുന്നു. ഇവർ നൽകിയ സ്വർണം തിരികെ ചോദിക്കുമോയെന്ന് അഖിലിന് ആശങ്കയുണ്ടായിരുന്നു. മാത്രമല്ല ഭാര്യയുമായി പിണങ്ങിക്കഴിയുകയായിരുന്ന ഇയാൾ, മറ്റൊരു വിവാഹത്തിന് തടസ്സമുണ്ടാകുമോയെന്ന ആശങ്കയുടെ അടിസ്ഥാനത്തിലാണ് ആതിരയെ വകവരുത്താൻ തീരുമാനിച്ചതെന്നും പൊലീസ് കരുതുന്നു. ഇയാളുടെ സമൂഹമാധ്യമ അക്കൗണ്ടുകൾ, മൊബൈൽ ഫോൺ എന്നിവ പരിശോധിച്ചുവരികയാണ്. അഖിലിനെ കസ്റ്റഡിയിലെടുത്ത് ചോദ്യംചെയ്യുന്നതോടെ കൂടുതൽ വിവരങ്ങൾ ലഭിക്കുമെന്ന പ്രതീക്ഷയിലാണ് പൊലീസ്. തിങ്കളാഴ്ച കസ്റ്റഡി അപേക്ഷ സമർപ്പിക്കും.

വ്യാഴാഴ്ച അർധരാത്രിക്കുശേഷമാണ് തുമ്പൂർമുഴിയിലെ കാടിനുള്ളിൽ ആതിരയുടെ മൃതദേഹം കണ്ടെത്തിയത്. അങ്കമാലിയിലെ സൂപ്പർമാർക്കറ്റിൽ ജീവനക്കാരായിരുന്നു ആതിരയും അഖിലും. വിനോദയാത്ര പോകാമെന്നുപറഞ്ഞാണ് ആതിരയെ തുമ്പൂർമുഴിയിലെത്തിച്ച് കൊലപ്പെടുത്തിയത്.

10,000 ഫാം പ്ലാനുകളുടെ സംസ്ഥാനതല പൂർത്തീകരണ പ്രഖ്യാപനം

ഫാം പ്ലാനുകൾ കേരളത്തിന്റെ സമഗ്ര കാർഷിക മുന്നേറ്റത്തിനുള്ള യു ടേൺ: മന്ത്രി പി പ്രസാദ്

ഫാം പ്ലാനുകളുടെ സംസ്ഥാനതല പൂർത്തീകരണ പ്രഖ്യാപനം മന്ത്രി പി പ്രസാദ് ചെടിക്ക് വെള്ളം ഒഴിച്ച് ഉദ്ഘാടനം ചെയ്യുന്നു

വരവൂർ

വിളയെ അടിസ്ഥാനമാക്കിയുള്ള കൃഷിരീതിയിൽനിന്നും കൃഷിയിടത്തെ അടിസ്ഥാനമാക്കി മണ്ണറിഞ്ഞ് ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുസരിച്ച് ബഹുവിള കൃഷിയാണ് ഫാം പ്ലാനുകൾ ലക്ഷ്യം വയ്ക്കുന്നതെന്നും ഫാം പ്ലാനുകൾ മൂല്യവർധിത കാർഷിക മിഷനിലേക്കുള്ള ചുവടുവയ്പാണെന്നും ഫാം പ്ലാനുകൾ കേരളത്തിന്റെ സമഗ്ര കാർഷിക മുന്നേറ്റത്തിനുള്ള യു ടേണാണെന്നും മന്ത്രി പി പ്രസാദ് പറഞ്ഞു. 10,000 ഫാം പ്ലാനുകളുടെ സംസ്ഥാനതല പൂർത്തീകരണ പ്രഖ്യാപന ചടങ്ങ് വരവൂർ ജിഎൽപി സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഫാം പ്ലാനുകൾക്ക് ഉൽപ്പാദനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കുമനുസരിച്ച് കൃഷിരീതിയിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും സാധിക്കുമെന്നും മന്ത്രി പറഞ്ഞു. മന്ത്രി കെ രാധാകൃഷ്ണൻ അധ്യക്ഷനായി.

പ്രാദേശിക ഉൽപ്പന്നങ്ങളുടെ പ്രീമിയം ഔട്ട്ലെറ്റിന്റെ ഉദ്ഘാടനം വി ആർ സുനിൽകുമാർ എംഎൽഎ നിർവഹിച്ചു. കാർഷിക ഉൽപ്പന്നങ്ങൾ സമാഹരിക്കുന്നതിനുള്ള അഗ്രിഗേഷൻ സെന്ററുകളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് നിർവഹിച്ചു. ചടങ്ങിൽ ജില്ലാതല കാർഷികമേളയും കാർഷിക സെമിനാറും നടന്നു. ജില്ലയിലെ 16 ബ്ലോക്കുകളിൽ നിന്നുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ സ്റ്റാളുകളിൽ അന്തിക്കാട് ബ്ലോക്ക് ഒന്നാം സ്ഥാനവും മുല്ലശേരി ബ്ലോക്ക് രണ്ടാം സ്ഥാനവും കൊടകര ബ്ലോക്ക് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ഫാം പ്ലാനുകളുടെ സുസ്ഥിര വരുമാനം മാർഗങ്ങൾ എന്ന വിഷയത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പ്രമോദ് മാധവൻ സെമിനാർ നയിച്ചു. വടക്കാഞ്ചേരി മുനിസിപ്പൽ ചെയർമാൻ പി എൻ സുരേന്ദ്രൻ, ഡയറക്ടർ കെ എസ് അഞ്ജു, അസിസ്റ്റന്റ് ഡയറക്ടർ എസ് ശ്രീകല, പ്രിൻസിപ്പൽ കൃഷി ഓഫീസർ സൈജ ജോസ്, അസോസിയറ്റ് പ്രൊഫസർ എ ലത, ആത്മ പ്രോജക്ട് ഡയറക്ടർ നീന കെ മേനോൻ തുടങ്ങിയവർ സംസാരിച്ചു.

വ്യാജ സോഫ്റ്റ് ഡ്രിങ്ക് നിർമാണം: പെരുമ്പാവൂർ സ്വദേശി പിടിയിൽ

മേലാറ്റൂർ

സൗരഭ് ജോർജ്

തമിഴ്നാട് ആസ്ഥാനമായുള്ള പ്രമുഖ കമ്പനിയുടെ പേരിൽ വ്യാജ സോഫ്റ്റ് ഡ്രിങ്ക് നിർമിച്ച് വിൽക്കുന്നയാൾ പിടിയിൽ. പെരുമ്പാവൂർ സ്വദേശി സൗരഭ് ജോർജിനെ (47)യാണ് മേലാറ്റൂർ പൊലീസ് അറസ്റ്റുചെയ്തത്. എടയാറ്റൂരിൽ പ്രവർത്തിക്കുന്ന കേര ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ മറവിലാണ് പ്രതി കഴിഞ്ഞ ആറുമാസത്തോളമായി വ്യാജമായി സോഫ്റ്റ് ഡ്രിങ്കുകൾ നിർമിച്ച് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വിറ്റിരുന്നത്. ഇതര സംസ്ഥാന തൊഴിലാളികളെവച്ച് വൃത്തിഹീനമായ സാഹചര്യങ്ങളിലാണ് ഇവ നിർമിച്ചിരുന്നത്. ആരോഗ്യ മാനദണ്ഡങ്ങൾ പാലിക്കാതെ നടത്തുന്ന സ്ഥാപനം പൂട്ടി സീൽചെയ്തു. കേസിൽ കൂട്ടുപ്രതിയായ പെരുമ്പാവൂർ സ്വദേശിയായ മറ്റൊരാളുംകൂടി ഉൾപ്പെട്ടിട്ടുള്ളതായി പൊലീസ് പറഞ്ഞു. എസ്എച്ച്ഒ കെ ആർ രഞ്ജിത്ത്, എഎസ്ഐ വിശ്വംഭരൻ, അനീഷ് പീറ്റർ, പ്രിയ ജിത്ത്, രാഹുൽ, സിന്ധു എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്. പ്രതിയെ പെരിന്തൽമണ്ണ കോടതി റിമാൻഡ് ചെയ്തു.

വിമാനത്തിൽ പക്ഷികുടുങ്ങി

7 മണിക്കൂറോളം സർവീസ് വൈകി

തിരുവനന്തപുരം

അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ബഹ്റനിലേക്ക് പുറപ്പെട്ട ഗൾഫ് എയർവേഴ്സിന്റ വിമാന ചിറകിൽ പക്ഷികുടുങ്ങിയതിനെ തുടർന്ന് ഏഴ് മണിക്കൂറോളം യാത്ര വൈകി. ഞായർ രാവിലെ 6 ന് 172 യാത്രക്കാരുമായി ബഹ്റനിനലേക്ക് പുറപ്പെടാൻ റൺവേയിലേക്ക് എത്തിയ ഗൾഫ് എയർവേഴ്സിന്റ ജിഎഫ് 061നമ്പർ വിമാനത്തിലാണ് പക്ഷി കുടുങ്ങിയത്. തുടർന്ന് പൈലറ്റിന് അപകട സിഗ്നൽ ലഭിച്ചു.ഇതോടെ വിമാനം റൺവേയിൽ നിന്നും മാറ്റി. യാത്രക്കാരെ വിമാനത്തിൽ നിന്നും പുറത്ത് ഇറക്കി ടെർമിനലിലെ ലോഞ്ചിലേക്ക് മാറ്റി. തകരാർ പരിഹരിച്ച് ഉച്ചക്ക് ഒന്നരയോടെ വിമാനം യാത്രക്കാരുമായി ബെഹറിനലേക്ക് പുറപ്പെട്ടത്. വിമാനത്തിലെ യാത്രക്കാരനായിരുന്ന തൂത്തുക്കൂടി കായൽപട്ടണം സ്വദേശി മുഹമ്മദ് അബുബേക്കർ ആരോഗ്യപ്രശ്നങ്ങളെ തുടർന്ന് യാത്ര റദ്ദാക്കി.

ആയുർവേദ മെഡിക്കൽ അസോസിയേഷൻ സംസ്ഥാന കൗൺസിൽ സമാപിച്ചു

ഉദുമ

ഡോ. സി ഡി ലീന

ഡോ. കെ സി അജിത് കുമാർ

ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സംസ്ഥാന കൗൺസിൽ സമാപനത്തിന്റെ ഭാഗമായുള്ള പൊതുസമ്മേളനം ആരോഗ്യമന്ത്രി വീണാ ജോർജ് ഓൺലൈനായി ഉദ്ഘാടനംചെയ്തു. സംസ്ഥാന പ്രസിഡന്റ് ഡോ. സി ഡി ലീന അധ്യക്ഷയായി. ഇ ചന്ദ്രശേഖരൻ എംഎൽഎ മുഖ്യാതിഥിയായി. ജനറൽ സെക്രട്ടറി ഡോ. കെ സി അജിത് കുമാർ, ഡോ. ഡി രാമനാഥൻ, ഡോ. എസ് ഗോപകുമാർ, ഡോ. വി ജെ സെബി, ഡോ. ദുർഗാ പ്രസാദ്, ഡോ. എ നളിനാക്ഷൻ, ഡോ. എം എ അസ്മാബി, ഡോ. കെ ആർ രഞ്ജിത് എന്നിവർ സംസാരിച്ചു. മികവ് തെളിയിച്ചവർക്കുള്ള പുരസ്കാരം ഡോ. എസ് ഗോപകുമാർ, ഡോ. ഒ കെ അനന്തകൃഷ്ണൻ, ഡോ. എ. കെ ഷഹന, ഡോ. രശ്മി പ്രമോദ് എന്നിവർക്ക് ഇ ചന്ദ്രശേഖരൻ എംഎൽഎ സമ്മാനിച്ചു.

മാധ്യമ പുരസ്കാരം കേരളകൗമുദിയിലെ എം എസ് സജീവനും നൽകി. ഡോ. സി കെ ദിവാകരൻ രചിച്ച ‘ചികിത്സാ സംഗ്രഹം’ പുസ്തകം പ്രകാശിപ്പിച്ചു. മികച്ച ആയുർവേദ കോളേജ് മാഗസിനുള്ള പുരസ്കാരം നങ്ങേലിൽ ആയുർവേദ കോളേജിന് നൽകി.

ഭാരവാഹികൾ: ഡോ. സി ഡി ലീന (പ്രസിഡന്റ്), ഡോ. കെ എസ് വിഷ്ണുനമ്പൂതിരി (വൈസ് പ്രസിഡന്റ്), ഡോ. കെ സി അജിത് കുമാർ (ജനറൽ സെക്രട്ടറി), ഡോ. സിരി സൂരജ്, ഡോ. ഷബീൽ ഇബ്രാഹിം, ഡോ. ബിരാജേഷ് (സെക്രട്ടറി), ഡോ. കെ എം മുഹമ്മദ് റാസി വയനാട് (ട്രഷറർ), ഡോ. എം എ അസ്മാബി (വനിതാ ചെയർമാൻ), ഡോ. ടിന്റു എലിസബത്ത് ടോം (വനിതാ കൺവീനർ).

ജനകീയ ബാങ്കിങ് സംരക്ഷണജാഥ

നാളെ കോട്ടയം ജില്ലയിൽ

കോട്ടയം

ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന തെക്കൻ മേഖല ജനകീയ ബാങ്കിങ് സംരക്ഷണ ജാഥ ചൊവ്വാഴ്ച കോട്ടയം ജില്ലയിൽ പ്രവേശിക്കും. ബെഫി സംസ്ഥാന പ്രസിഡന്റ് ഷാജു ആന്റണി(ക്യാപ്റ്റൻ), ജെറിൻ കെ ജോൺ, കെ പി ഷാ, കെ കെ രജിതമോൾ, ജി സതീഷ്, കെ എസ് രമ തുടങ്ങിയവരാണ് ജാഥാംഗങ്ങൾ.

ആദ്യ സ്വീകരണ കേന്ദ്രമായ വൈക്കത്ത്(ബോട്ട് ജട്ടി ജങ്ഷൻ) രാവിലെ 9.30 ന് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് അഡ്വ. പി കെ ഹരികുമാർ സമ്മേളനം ഉദ്ഘാടനം ചെയ്യും. കടുത്തുരുത്തി, പാലാ എന്നിവിടങ്ങളിൽ സ്വീകരണത്തിന് ശേഷം വൈകിട്ട് 5.15ന് കോട്ടയം നഗരത്തിലെത്തുന്ന ജാഥയെ മാർക്കറ്റ് ജങ്ഷനിൽ നിന്ന് സ്വീകരിക്കും. സമാപന സമ്മേളനം സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ടി ആർ രഘുനാഥൻ ഉദ്ഘാടനം ചെയ്യും. ബുധനാഴ്ച രാവിലെ 9.30 ന് ചങ്ങനാശേരിയിൽ നിന്നാരംഭിക്കുന്ന ജാഥ കാഞ്ഞിരപ്പള്ളിയിലെ സ്വീകരണത്തിനുശേഷം ഇടുക്കി ജില്ലയിലേക്ക് പ്രവേശിക്കും.

കോംഗോയിൽ വെള്ളപ്പൊക്കം: മരണം 200 കടന്നു

കിൻഷാസ

കിഴക്കൻ കോംഗോയിൽ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ മിന്നൽ പ്രളയത്തിലും മണ്ണിടിച്ചിലിലും മരിച്ചവരുടെ എണ്ണം 200 കടന്നു. തെക്കൻ കിവു പ്രവിശ്യയിലെ ക്യാൽഹിയിലാണ് കൂടുതൽ നാശനഷ്ടമുണ്ടായിരിക്കുന്നത്. ഇതുവരെ 203 മൃതദേഹം കണ്ടെത്തി. കാണാതായവർക്കായുള്ള തിരച്ചിൽ തുടരുന്നു. ന്യമുകുബി ഗ്രാമത്തിൽ നൂറുകണക്കിന് വീടുകൾ മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി. ക്യാൽഹിയിൽ പുഴകൾ കരകവിഞ്ഞു. രാജ്യത്ത് തിങ്കളാഴ്ച ദേശീയ ദുഃഖാചരണം പ്രഖ്യാപിച്ചു.

ഡയസ്നോൺ പ്രഖ്യാപിച്ചു

ബിഎംഎസ് പണിമുടക്കിൽ സർവീസ് മുടങ്ങില്ലെന്ന് കെഎസ്ആർടിസി

തിരുവനന്തപുരം

ഞായർ അർധരാത്രി മുതൽ തിങ്കൾ അർധരാത്രി വരെ കെഎസ്ടിഇഎസ് (ബിഎംഎസ്) പണിമുടക്ക് ആഹ്വാനം ചെയ്തു. അതേസമയം സർവീസ് മുടങ്ങാതിരിക്കാനുള്ള നടപടി സ്വീകരിച്ചതായി കെഎസ്ആർടിസി അറിയിച്ചു. കെഎസ്ആർടിസി ജീവനക്കാർക്ക് ഡയസ്നോൺ പ്രഖ്യാപിച്ചു.

ബസുകൾ തടയുകയോ, കേടുപാടുകൾ വരുത്തുകയോ ചെയ്യുന്ന ജീവനക്കാർക്ക് എതിരെ കർശന നടപടി സ്വീകരിക്കാൻ കെഎസ്ആർടിസി മാനേജ്മെന്റ് ഉത്തരവിട്ടു. ഇത്തരത്തിൽ ആക്രമണം നടത്തുന്ന ജീവനക്കാരുടെ ഫോട്ടോ, വീഡിയോ എന്നിവ യൂണിറ്റ് ഓഫീസർമാർ, വിജിലൻസിൽ പ്രവർത്തിക്കുന്ന ഇൻസ്പെക്ടർമാർ തുടങ്ങിയവർ ഉടൻതന്നെ ഓപ്പറേഷൻ കൺട്രോൾ റൂമിലേക്ക് അയക്കണം. പണിമുടക്കുന്ന ജീവനക്കാരിൽനിന്ന് സർവീസ് തടസ്സപ്പെടുന്നതുമൂലമുള്ള നഷ്ടം ഈടാക്കും. ഏറ്റവും കൂടുതൽ വരുമാനം കിട്ടുന്ന തിങ്കളാഴ്ച തന്നെ പണിമുടക്കിന് ആഹ്വാനം ചെയ്തത് കെഎസ്ആർടിസിയെ കൂടുതൽ പ്രതിസന്ധിയിലാക്കും. സമരത്തെ നേരിടാൻ എല്ലാ ഡിപ്പോയിലും ആവശ്യമായ പൊലീസ് ഉദ്യോഗസ്ഥരെ വിന്യസിപ്പിക്കാൻ സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. ആവശ്യമെങ്കിൽ സ്വിഫ്റ്റിന്റെ അവധിയിലുള്ള ജീവക്കാരെക്കൂടി വിളിച്ചുവരുത്തുമെന്നും കെഎസ്ആർടിസി അറിയിച്ചു.

15 വർഷത്തെ കാലാവധി

കെഎസ്ആർടിസി വാഹനങ്ങൾക്ക് സർവീസ് നീട്ടി നൽകി

തിരുവനന്തപുരം

15 വർഷം കാലാവധി കഴിഞ്ഞ കെഎസ്ആർടിസി വാഹനങ്ങളുടെ സർവീസ് നീട്ടി സർക്കാർ ഉത്തരവിറക്കി. സെപ്തംബർ 10 വരെയാണ് സർവീസ് നീട്ടി നൽകിയത്. 15 വർഷം പൂർത്തിയായ വാഹനങ്ങൾക്ക് ഫിറ്റ്നസ് പുതുക്കി നൽകേണ്ടെന്ന കേന്ദ്ര നിർദേശം നിലനിൽക്കുന്നതിനാൽ പരിവാഹൻ സോഫ്റ്റുവെയർ വഴി നീട്ടി നൽകാൻ സാധിക്കുകയില്ല. അതിനാൽ, 15 വർഷ കാലാവധി കഴിഞ്ഞ കെഎസ്ആർടിസി വാഹനങ്ങളിൽ മാർച്ചിന് ശേഷവും ഫിറ്റ്നസ് കാലാവധിയുള്ളവയ്ക്ക് തുടരാനാകും. ഇളവ് തേടി കെഎസ്ആർടിസി നേരത്തെ സർക്കാരിന് കത്തയച്ചതിന് പിന്നാലെയാണ് ഗതാഗത വകുപ്പിന്റെ തീരുമാനം. ഇതോടെ കെഎസ്ആർടിസി ബസുകളുടെയും വർക്ക് ഷോപ്പ് വാഹനങ്ങളുടെയും ഫിറ്റ്നസ് നീട്ടി ലഭിച്ചു.

സ്കൂളുകളിൽ ശുചിത്വശീലം പഠനത്തിന്റെ ഭാഗമാക്കും: മന്ത്രി എം ബി രാജേഷ്

അമ്പലപ്പുഴ

സ്കൂളുകളിൽ ഈ വർഷംമുതൽ ശുചിത്വശീലം പഠനത്തിന്റെ ഭാഗമാക്കുമെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. ഇതുസംബന്ധിച്ച് വിദ്യാഭ്യാസമന്ത്രിയുമായി ചർച്ച നടത്തിയതായും മന്ത്രി പറഞ്ഞു. കേരള

സർവകലാശാല കലോത്സവത്തിന്റെ ഭാഗമായി അമ്പലപ്പുഴ ഗവ. കോളേജ് കാമ്പസിൽ നടന്ന ഓപ്പൺ ഫോറത്തിൽ ‘ശുചിത്വ കേരളം യുവതലമുറയോട്’ എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. മാലിന്യം ഇല്ലാതാക്കൽ ഓരോ വ്യക്തിയുടെയും ഉത്തരവാദിത്തമാണ്. ചെറുപ്പം മുതൽ വൃത്തി ശീലമാക്കണം. അതിനാണ് ചെറിയ ക്ലാസ് മുതൽ ഇത് പഠനത്തിന്റെ ഭാഗമാക്കുന്നത്.

കലാമത്സരങ്ങൾക്കൊപ്പം ശുചിത്വ മത്സരവും നടത്തണം. തുടക്കമെന്ന നിലയിൽ കലോത്സവം സമാപിച്ചയുടൻ വേദിയും പരിസരവും വൃത്തിയാക്കണം. ഭാവിയിൽ വൃത്തിയുള്ള കാമ്പസുകൾക്കായി സർവകലാശാല യൂണിയൻ മത്സരങ്ങൾ സംഘടിപ്പിക്കണം. ചുവരുകൾ പോസ്റ്ററൊട്ടിച്ച് വൃത്തികേടാക്കാതെ പുതിയ മാതൃക സൃഷ്ടിക്കണം. പരിസ്ഥിതിദിനത്തിൽ മരം നട്ട് ഫോട്ടോ എടുക്കുന്നതിന് പകരം ക്യാമ്പസുകൾ വൃത്തിയാക്കണം.

മാലിന്യ പ്ലാന്റുകൾക്കെതിരായ സമരം ഒഴിവാക്കണം. പ്ലാന്റുകൾ വന്നാൽ മാത്രമേ മാലിന്യം സംസ്കരിക്കാനാവൂ. പ്ലാന്റ് വേണമെന്ന് പറഞ്ഞ് സമരം ചെയ്യുകയാണ് വേണ്ടതെന്നും മന്ത്രി പറഞ്ഞു.

കരിപ്പൂരിൽ അരക്കോടിയുടെ സ്വർണം പിടിച്ചു

കരിപ്പൂർ

വിമാനത്താവളംവഴി അനധികൃതമായി കടത്താൻ ശ്രമിച്ച 1280 ഗ്രാം സ്വർണം എയർ കസ്റ്റംസ് ഇന്റലിജൻസ് വിഭാഗം പിടികൂടി. ഇൻഡിഗോ എയർലൈൻസിന്റെ 6 ഇ 66 വിമാനത്തിൽ എത്തിയ മലപ്പുറം സ്വദേശി അനസ് (28)ആണ് പിടിയിലായത്. ഗുളികരൂപത്തിലാക്കി ശരീരത്തിൽ ഒളിപ്പിച്ചാണ് സ്വർണം കൊണ്ടുവന്നത്. പിടികൂടിയ സ്വർണത്തിന് അരക്കോടി രൂപ വില വരും.